# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 6/72/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 6/72/2023 തീയ്യതി: 10/02/2023

## കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 17-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 17-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനൂപ്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.ശ്രീജിത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. രാജീവൻ. ടി | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ. ബിജോയ് മാത്യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 04-07-2021 |
| ശ്രീമതി. സുനിലകുമാരി.കെ.വി | സെക്രട്ടറി | 05-07-2021 | 01-10-2021 |
| ശ്രീ. രജുലാൽ.എം.പി | സെക്രട്ടറി | 02-10-2021 | 28-10-2021 |
| ശ്രീ. അരുൺകുമാർ.ഇ | സെക്രട്ടറി | 28-10-2021 | 17-12-2021 |
| ശ്രീ. രജുലാൽ.എം.പി | സെക്രട്ടറി | 17-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സന്ധ്യ.പി.ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ഹാരിഷ്.ഡി.ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 03-11-2021 |
| ഡോ. ജിനീഷ്.എ.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 04-11-2021 | 31-03-2022 |
| ഡോ. ശ്യാം സുന്ദർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. പ്രീത.വി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. സിനി. പി | വെറ്ററിനറി സർജൻ | 01-04-2021 | 14-12-2021 |
| ഡോ. അമ്പിളി നാരായണൻ | വെറ്ററിനറി സർജൻ | 15-12-2021 | 31-03-2022 |
| ശ്രീമതി. രജനി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 03-11-2021 |
| ശ്രീമതി. നൂർജഹാൻ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-11-2021 | 31-03-2022 |
| ശ്രീമതി. ദീപ.ഇ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. ദയാകലൻ.പി.എം | വി.ഇ.ഒ | 01-04-2021 | 31-12-2021 |

| | | | |
|---|---|---|---|
| ശ്രീ. അനിൽകുമാർ.കെ.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷീന.സി.എം | അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല | 1-10 |
| 13 | നികുതി നിരക്ക് നിർണ്ണയിച്ചിട്ടില്ല | 1-11 |
| 14 | നികുതി ഈടാക്കുന്നില്ല | 1-12 |
| 15 | റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം | 1-13 |
| 16 | ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് | 1-14 |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-15 |
| 18 | അക്രഡിറ്റഡ് ഏജൻസി മരാമത്ത് പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നില്ല - പഞ്ചായത്തിന് ഫണ്ട് നഷ്ടം സംഭവിക്കുന്നു | 1-16 |
| 19 | കരുവാരക്കൽ റോഡ് പുനരുദ്ധാരണം - സമയ ബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാത്തതിനാൽ റോഡ് പാച്ച് സോളിംഗ് ചെയ്തു | 1-17 |
| 20 | അസി.എഞ്ചിനിയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ലഭിച്ചില്ല | 1-18 |
| 21 | എം. സി. എഫിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചില്ല. | 1-19 |
| 22 | മിനി എം. സി. എഫ് നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-20 |
| 23 | ഹരിത കർമ്മസേന അംഗങ്ങൾക്ക് യൂണിഫോം വാങ്ങി നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 24 | മാലിന്യ നിർമ്മാർജന  പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-22 |
| 25 | അസി. സെക്രട്ടറി - പദ്ധതി നിർവഹണം - രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിപ്പിലെ അപാകതകൾ | 1-23 |

| | | |
|---|---|---|
| 26 | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ - ലാപ്ടോപ്പുകൾ നാളിതുവരെയായി ലഭിച്ചിട്ടില്ല | 1-24 |
| 27 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-25 |
| 28 | കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും എൽ. സി. ഡി പ്രൊജക്ടറും വാങ്ങൽ - കമ്പ്യൂട്ടർ നാളിതു വരെ ലഭിച്ചില്ല. | 1-26 |
| 29 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-27 |
| 30 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല | 1-28 |
| 31 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-29 |
| 32 | എം. ജി. എൻ. ആർ. ഇ. ജി. എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ | 1-30 |
| 33 | റെയിൽവേ ലവൽ ക്രോസിംഗ് - മെയിന്റനൻസ് ചാർജ്ജ് സർക്കാർ ഗ്രാന്റ് കുടിശ്ശിക | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 39/21 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 2,56,51,741 |
| വരവ് | 12,01,10,701 |
| ആകെ | 14,57,62,442 |
| ചെലവ് | 13,52,36,388 |
| നീക്കിയിരിപ്പ് | 1,05,26,05 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 13.05.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ പിരിച്ചെടുക്കാൻ തുക ബാക്കിയില്ല. എന്നാൽ 2021-22 വാർഷിക ധനകാര്യ പത്രിക RP-43 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 12,368 രൂപയും നോൺ-റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 2,009 രൂപയും കളക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

2. വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും വസ്തുനികുതി ഇനത്തിലെ തൻവർഷത്തെ കളക്ഷൻ തുകകൾ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക RP-43 പ്രകാരം |
|---|---|---|
| വസ്തുനികുതി (റസിഡൻഷ്യൽ) | 19,47,734 | 19,81,990 |
| വസ്തുനികുതി (നോൺ-റസിഡൻഷ്യൽ) | 20,44,977 | 20,28,917 |

3. 2021-22 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 13,31,492/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക കണക്ക് RP-40(b) ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (Treasury STSB JointVenture) നീക്കിയിരിപ്പ് ഇല്ല.

4. വസ്തു നികുതി ഇ-പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, കണ്ണൂക്കര, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67392163743) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മന്റ് തീയതി | തുക |
|---|---|
| 28.12.2021 | 3809 |
| 02.02.2022 | 1754 |
| 05.02.2022 | 3491 |
| 15.02.2022 | 1236 |
| 01.03.2022 | 3820 |
| 08.03.2022 | 1479 |
| 10.03.2022 | 810 |

| | |
|---|---|
| 18.03.2022 | 2071 |

5. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ കളക്ഷൻ 50,62,730/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 50,28,980/- രൂപയാണ് .

6. ഒഞ്ചിയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് (അക്കൗണ്ട് നം-10202000214O) 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheque Issued But Not Presented Into Bank ഇനത്തിൽ സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ 7 ചെക്കുകൾ ഉണ്ട് (ആകെ തുക – 47,381). എന്നാൽ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques ശീർഷകത്തിൽ കാണിച്ചിട്ടുള്ള 80179/- രൂപയിൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല.

7. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 250/- രൂപയുടെ സ്റ്റോർസ് 2021-22 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. ഒഞ്ചിയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് (അക്കൗണ്ട് നം-10202000214O) അക്കൗണ്ടിന്റെ 31.03.2022 ലെ നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക് എന്നിവയിൽ താഴെപറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. റീകൺസലിയേഷൻ സ്റ്റേറ്റ്മെന്റിൽ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

| വാർഷികകണക്ക് RP-40(b) ഷെഡ്യൂൾ പ്രകാരം | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം |
|---|---|---|
| 1,77,81,638 | 1,78,54,140 | 1,73,02,610 |

9. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റ് ഇനത്തിൽ 12,62,161/- നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ടെങ്കിലും പ്രത്യേക ബാങ്ക് അക്കൗണ്ടും രജിസ്റ്ററും സൂക്ഷിക്കാത്തതിനാൽ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,18,38,496 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,04,46,221 |
| ആകെ | 12,22,84,717 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,97,99,188 |
| നീക്കിയിരിപ്പ് | 3,24,85,529 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 1,84,05,245 | 1,84,05,245 | 1,83,54,728 | 50,517 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 8,05,000 | 8,05,000 | 8,05,000 | - |
| മെയിന്റനൻസ്, റോഡ് | 0 | 90,46,000 | 90,46,000 | 49,94,973 | 40,51,027 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 52,26,029 | 52,26,029 | 32,86,184 | 19,39,845 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 26,68,761 | 26,68,761 | 25,22,024 | 1,46,737 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (PFMSമുഖേന) | 0 | 36,41,000 | 36,41,000 | 31,07,518 | 5,33,482 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 23,85,970 | 23,85,970 | 3,67,737 | 20,18,233 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 54,61,000 | 54,61,000 | 42,44,808 | 12,16,192 |

| | | | | | |
|---|---|---|---|---|---|
| ടൈഡ് ഗ്രാന്റ് (PFMS മുഖേന) | | | | | |
| ഐ.സി.ഡി.എസ് | 5,61,757 | 11,12,694 | 16,74,451 | 10,52,180 | 6,22,271 |
| എം.പി.ഫണ്ട് | 6,03,112 | 4,87,887 | 10,90,999 | - | 10,90,999 |
| സാക്ഷരത | 24,311 | 355 | 24,666 | - | 24,666 |

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാലും, ഫലപ്രദമായ മോണിറ്ററിംഗ് ഇല്ലാത്തതിനാലും വികസന ഫണ്ട് (ജനറൽ), മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനങ്ങളിൽ 99,56,033/- രൂപ ലാപ്സായിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റൻസ് ഫണ്ട് (റോഡ്), മെയിന്റൻസ് ഫണ്ട് (നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 12,85,23,650 | 1,97,76,900 |
| വികസനഫണ്ട് (എസ്.സി.പി) | 16,70,582 | 8,05,000 |
| മെയിന്റൻസ് ഫണ്ട് (റോഡ്) | 79,27,204 | 61,27,204 |
| മെയിന്റൻസ് ഫണ്ട്(നോൺറോഡ്) | 68,96,058 | 43,98,029 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) എന്നീ ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 9,10,33,546 | 160 | 5,32,96,826 | - | 12 | 93.02 % |

ഡി.പി.സി അംഗീകാരം ലഭിച്ച 172 പ്രോജക്ടുകളിൽ 160 എണ്ണം ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിലും നിർവഹണത്തിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതു കാരണം 99,56,033/- രൂപ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 93,409 | 4,24,693 | 5,18,102 | 5,18,089 | 13 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 3,08,33,089 | 3,08,33,089 | 3,08,33,089 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 6,020 | 3 |
| കർഷക തൊഴിലാളി പെൻഷൻ | 55,33,800 | 377 |
| വിധവാ പെൻഷൻ | 1,70,12,000 | 1130 |
| വാർദ്ധക്യകാല പെൻഷൻ | 3,24,99,000 | 2365 |
| വികലാംഗ പെൻഷൻ | 44,12,400 | 284 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14,85,600 | 97 |
| വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2023 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,391/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചു കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലേയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രിന്റെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2021-22 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. പരാതി രജിസ്റ്ററിലും അപേക്ഷ/പരാതി ലഭിച്ച ശേഷമുള്ള തുടർനടപടി വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ചു നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത

മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

മേൽ കാണിച്ച അപാകതകൾ കൂടി പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കി അറിയിക്കേണ്ടതാണ്.

1-10 വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ (31.03.2022) എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ഡിമാന്റുകളിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | 2465 |
| വേക്കൻസി റമിഷൻ അനുവദിക്കപ്പെട്ടിട്ടുള്ള വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം കെട്ടിടങ്ങളുടെ എണ്ണം | 67 |
| നികുതി എഴുതിത്തള്ളിയ / Demolished കെട്ടിടങ്ങളുടെ എണ്ണം | 762 |
| 2021-22 ൽ ആകെ അനുവദിക്കപ്പെട്ട 738 ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം | 915 |

| | |
|---|---|
| 2021-22 ൽ ലൈസൻസ് എടുക്കാത്ത കെട്ടിടങ്ങളുടെ എണ്ണം | 721 |

ഈ കെട്ടിടങ്ങൾ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. ലൈസൻസ് ഇല്ലാതെ ഈ കെട്ടിടങ്ങളിൽ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധനാ വിധേയമാക്കി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11 നികുതി നിരക്ക് നിർണ്ണയിച്ചിട്ടില്ല

സഞ്ചയയിൽ വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കുള്ള താഴെ പറയുന്ന ഇനങ്ങളിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടതായി കാണുന്നില്ല.

1. സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ

2. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും ആയതിന്റെ മാത്രം ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്

3. മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവയായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ

4. ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ

5. കാർഷികാവശ്യത്തിനുള്ളവ

6. റെസിഡെൻഷ്യൽ ഹോം സ്റ്റേ

മേൽ ചേർത്ത ഇനങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് അറിയിക്കേണ്ടതാണ്.

1-12 നികുതി ഈടാക്കുന്നില്ല

സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിരിക്കുന്ന Temporary Building രജിസ്റ്റർ പ്രകാരം 9, 10, 11, 12, 13, 16 എന്നീ വാർഡുകളിലായി 242 കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ നൽകി നികുതി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവ സഞ്ചയയിൽ ഉൾപ്പെടുത്തിയതായോ, നികുതി ഈടാക്കിയതായോ കാണുന്നില്ല. ഈ കെട്ടിടങ്ങൾ പ്രാദേശിക പരിശോധ നടത്തി അനധികൃത നിർമ്മാണങ്ങളല്ലെന്ന് ഉറപ്പ് വരുത്തിയിട്ടുമില്ല. അനധികൃത നിർമ്മാണങ്ങളാണെങ്കിൽ 2011 ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം കെട്ടിടത്തിന്മേൽ വസ്തുനികുതി നിർണ്ണയിക്കേണ്ടുന്നതിന് മാത്രം അത് നിയമാനുസൃതമല്ലാത്ത കെട്ടിടമാണെന്ന് സൂചിപ്പിക്കുന്ന UA എന്നും, അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത്

കെട്ടിട നമ്പർ രൂപപ്പെടുത്തി, നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്. കേരള പഞ്ചായത്തി രാജ് നിയമത്തിലെ 235 എ എ (1) വകുപ്പ് പ്രകാരം ഏതെങ്കിലും വ്യക്തി ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ ആ വ്യക്തിക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ ഒടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക പ്രസ്തുത വ്യക്തിയിൽ നിന്നും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. താല്ക്കാലിക നമ്പർ നൽകിയതല്ലാതെ മറ്റു നടപടികൾ ഒന്നും തന്നെ മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-13 റോഡ് മാസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവയിലെ കണക്കുകളിൽ വ്യത്യാസം

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ റോഡ് മാസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ റോഡുകളുടെ ആകെ എണ്ണം 147 ആണ്. എന്നാൽ പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം 213 റോഡുകൾ ഉണ്ട്.

| റോഡുകൾ എണ്ണം, തരം | ആസ്തി രജിസ്റ്റർ പ്രകാരം | റോഡ് മാസ്റ്റർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 213 | 147 |
| വീതി അഞ്ച് മീറ്ററും അതിന് മുകളിലും | 54 | 47 |
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 158 | 49 |
| വീതി ഒന്നര മീറ്ററിൽ കുറവ് | 1 | 51 |

ആസ്തി രജിസ്റ്ററിലേയും റോഡ് മാസ്റ്ററിലേയും റോഡുകളുടെ എണ്ണത്തിലുള്ള വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 16) മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് മാസ്റ്ററിൽ വീതി അഞ്ച് മീറ്ററും അതിന് മുകളിലും ഉള്ള റോഡുകളുടെ എണ്ണവും, വീതി ഒന്നര മീറ്ററിൽ കുറവുള്ള റോഡുകളുടെ എണ്ണവും ആസ്തി രജിസ്റ്ററിനേക്കാൾ കുറവാവാൻ കാരണം വ്യക്തമാക്കേണ്ടതാണ്.

1-14 ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിട നമ്പർ 7/547 ൽ പ്രവർത്തിക്കുന്ന ശ്രീ.അഷ്റഫ് ഓരാട്ട്, ഓർക്കാട്ടേരി എന്നവരുടെ ഉടമസ്ഥതയിലുള്ള ജനറൽ പെട്രോളിയം, വെള്ളികുളങ്ങര എന്ന സ്ഥാപനത്തിന് 2021-22 വർഷത്തേക്കുള്ള ലൈസൻസ് നൽകുന്നതിന് സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 30 ലക്ഷം രൂപ കണക്കാക്കി ലൈസൻസ് ഫീയിനത്തിൽ 3,000/- രൂപ (രശീതി നം/തി. 102677/20.03.2022) ഈടാക്കിയിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 7, പട്ടിക 2 എന്നിവ പ്രകാരം സേവന മേഖലയിൽ 25 ലക്ഷത്തിൽ കൂടുതലും 2 കോടിയിൽ കവിയാത്തതുമായ മൂലധന നിക്ഷേപങ്ങൾ ഉള്ള വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീയായി പരാമവധി ഈടാക്കാവുന്ന 5,000/- രൂപയാണ് ലൈസൻസ് ഫീയായി 3,000/- രൂപ മാത്രം ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.18) മറുപടി ലഭിച്ചിട്ടില്ല. ലൈസൻസ് ഫീ കുറവായി ഈടാക്കിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-15 ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്.

ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമല്ല. ഈ അപാകത മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിരുന്നെങ്കിവെങ്കിലും നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-16 അക്രഡിറ്റഡ് ഏജൻസി മരാമത്തു പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നില്ല – പഞ്ചായത്തിന് ഫണ്ട് നഷ്ടം സംഭവിക്കുന്നു

പദ്ധതി വർഷം അസിസ്റ്റന്റ് എഞ്ചിനിയർ 69 മരാമത്തു പ്രവർത്തികൾ നിർവ്വഹണം നടത്തിയതിൽ ഭൂരിഭാഗവും റോഡ് വർക്കുകളാണ്. എല്ലാ പ്രവർത്തികളും അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി മുഖേനയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. ടെണ്ടർ കൂടാതെ നേരിട്ട് പ്രവർത്തികൾ ഏൽപ്പിക്കുന്ന സംഗതിയിൽ സമയ ബന്ധിതമായി പ്രവർത്തകൾ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ പദ്ധതി കാലയളവിലെ നിരവധി പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ഫണ്ട് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവർത്തികളുടെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | അടങ്കൽ | എഗ്രിമെന്റ് തിയ്യതി |
|---|---|---|---|
| 1 | മാവള്ളിത്താഴ-മഠത്തിൽ മീത്തൽ റോഡ് | 200000 | 15.1.21 |
| 2 | കല്ലേരി മുക്ക് -ആവടൃത്ത് മുക്ക് റോഡ് | 300000 | 26.2.21 |
| 3 | പ്രധാനമന്ത്രി റോഡ് - കുവക്കൽ റോഡ് | 36204 | 8.1.21 |
| 4 | പൂളക്കുൽ - നാഗപ്പള്ളി റോഡ് | 392351 | 11.11.20 |
| 5 | മല്ലേരി - കേളോത്ത് റോഡ് | 300000 | 8.1.21 |
| 6 | മാളിയേക്കൽ ഫൂട് പാത്ത് | 300000 | 20.2.21 |
| 7 | പൊയിൽത്താഴ ഫൂട് പാത്ത് | 53965 | 4.2.21 |
| 8 | ഗണപതി ക്ഷേത്രം റോഡ് | 250000 | 30.10.20 |
| 9 | മട്ടന്നൂർ ശ്രീശൈലം റോഡ് | 250000 | 30.10.20 |
| 10 | പുതുക്കുടി താഴെ റോഡ് | 200000 | 12.1.21 |
| 11 | കണ്ണൂക്കര അങ്കണവാടി റോഡ് | 150000 | 30.10.20 |
| 12 | എ. ഇ യുടെ ഓഫീസിൽ സ്റ്റോറേജ് | 50000 | 30.10.20 |
| 13 | അങ്കണവാടി ചുറ്റമതിൽ | 400000 | 24.2.21 |
| 14 | പുന്നേരിത്താഴ റോഡ് | 250000 | 11.11.20 |

| | | | |
|---|---|---|---|
| 15 | ടെയ്ക്ക് എ ബ്രേക്ക് | 250000 | 11.11.20 |
| 16 | കാഞ്ഞിരാട്ട് താഴെ താഴെ ഫൂട്ട് പാത്ത് | 300000 | 24.2.21 |
| 17 | കേളു ബസാർ - കോട്ടായി മുക്ക് റോഡ് | 450000 | 12.2.21 |
| 18 | കരുവാരക്കൽ റോഡ് | 300000 | 20.2.21 |

ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്തുമേഖലയിലെ മുഴുവൻ പ്രവർത്തികളും കാലങ്ങളായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി മുഖേനയാണ് നിർവ്വഹണം നടത്തി വരുന്നത് ഇതുകൊണ്ടുതന്നെ മുൻകൂട്ടി പദ്ധതികൾ തയ്യാറാക്കി സൊസൈറ്റിക്ക് നൽകാൻ കഴിയും. എന്നാൽ ഈ സാധ്യത പ്രയോജനപ്പെടുത്തുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ പഞ്ചായത്തിന് ഫണ്ട് നഷ്ടമാവുന്നു. സമയ ബന്ധിതമായി പ്രവർത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. -25/21-22/17.1.23) മറുപടി നൽകിയിട്ടില്ല. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 കരുവാരക്കൽ റോഡ് പുനരുദ്ധാരണം - സമയ ബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാത്തതിനാൽ റോഡ് പാച്ച് സോളിംഗ് ചെയ്തു

കരുവാരക്കൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | എ. ഇ |
| പ്രോജക്റ്റ് നം. | 169/22 |
| അടങ്കൽ | 300000/- |
| ഫണ്ട് | M.G. (R) |
| ചെലവ് | 177719/- |
| ബിൽ നം. തി. | 6655/21.12.21 |

88 മീറ്റർ ദൂരം റോഡ് മെയിന്റനൻസിനാണ് പദ്ധതി നടപ്പാക്കിയത്. എസ്റ്റിമേറ്റിലെ ഒന്നാമത്തെ

ഇനമായി 40 ശതമാനം പാച്ച് സോളിംഗ് ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. എം. ബുക്ക് നമ്പർ 117 പേജ് നമ്പർ 4 ൽ ഇതു സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. സോളിംഗ് നടത്തിയ റോഡുകൾ സമയബന്ധിതമായി ടാറിംഗ് നടത്താത്തതുകൊണ്ടാണ് പാച്ച് സോളിംഗ് നടത്തേണ്ടി വരുന്നത്. ഇത് ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതാണ്. എസ്റ്റിമേറ്റിലെ ഐറ്റം 6 പ്രകാരം 88 മീറ്റർ ഐറിഷ് ഡ്രെയിൻ ചെയ്യേണ്ടതുണ്ട്. എസ്റ്റിമേറ്റിൽ ഇതിന് 6.336 M3 പ്രൊവിഷൻ നൽകിയിട്ടുണ്ട്. എന്നാൽ എം. ബുക്ക് പേജ് നമ്പർ 11 ൽ 2.53 M3 മാത്രമേ ചെയ്തിട്ടുള്ളൂ. ഐറിഷ് ഡ്രെയിൻ മുഴുവനായി ചെയ്യാത്തത് ഭാവിയിൽ റോഡിന്റെ അരികുകൾ പൊട്ടിപ്പൊളിഞ്ഞ് പോകുന്നതിന് കാരണമാകും. പദ്ധതിയിൽ ആവശ്യത്തിനുള്ള തുക വകയിരുത്തിയിട്ടും മുഴുവൻ പ്രവർത്തികളും നടത്താത്തത് റോഡിന്റെ ഗുണമേന്മയെ ദോഷകരമായി ബാധിക്കാൻ സാധ്യതയുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/21-22/17.1.23) മറുപടി നൽകിയിട്ടില്ല. ചെലവു തുക 1,77,719/- തടസ്സത്തിൽ വെയ്ക്കുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 അസി.എഞ്ചിനിയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ലഭിച്ചില്ല

അസി. എഞ്ചിനിയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | എ. ഇ |
| പ്രോജക്ട് നം. | 23/22 |
| അടങ്കൽ | 143029/- |
| ഫണ്ട് | M.G. (N.r) |
| ചെലവ് | 91799/- |
| ബിൽനം. തി. | 278/17.1.22 |

രണ്ട് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഒരു കമ്പ്യൂട്ടർ GEM മുഖേനയും മറ്റൊന്ന് CPRCS മുഖേന കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് മേൽ സൂചിപ്പിച്ച ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോണിന് നൽകിയ ഓർഡർ പ്രകാരമുള്ള കമ്പ്യൂട്ടർ ഒരു വർഷം കഴിഞ്ഞിട്ടും ലഭിക്കാത്തതിനെ തുടർന്ന് അടച്ച തുക തിരിച്ചു നൽകണമെന്നാവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥ കെൽട്രോണിന് കത്തയച്ചിട്ടുണ്ട്. (നം. എ. ഇ. 1/22/6.1.23) തുക ഇതുവരെയും തിരിച്ചു നൽകിയിട്ടില്ല. മുഴുവൻ തുകയും മുൻകൂറായി നൽകിയിട്ടും കമ്പ്യൂട്ടർ സപ്ലൈ ചെയ്യാത്ത കെൽട്രോണിനെതിരെ നിയമ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/21-22/17.1.23) മറുപടി നൽകിയിട്ടില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അതുവരെ CPRCS മുഖേന കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന് നൽകിയ 39,797/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-19 എം. സി. എഫിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് | ബെയിലിംഗ് മെഷീൻ വാങ്ങൽ<br>(S 103/2021-22 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ. ഒ |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് -<br>5,30,000/- രൂപ |
| ചെലവ് | 4,58,999/- രൂപ<br>ബിൽ നം. 379/21.3.2022 |

ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനായി ഇ ടെണ്ടർ നടത്തിയതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത കോലാർ മിൽ സ്റ്റോർസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഓർഡർ നൽകുകയും ഈ സ്ഥാപനം 23.3.2022 ന് ബെയിലിംഗ് മെഷീൻ ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ എത്തിക്കുകയും ചെയ്തു. സ്ഥാപനം 19.3.2022 ന് ഗ്രാമ പഞ്ചായത്തുമായി വെച്ച കരാർ പ്രകാരം ബെയിലിംഗ് മെഷീന് സപ്ലൈ തീയതി മുതൽ ഒരു വർഷത്തേക്ക് ഗ്യാരണ്ടി നൽകിയിട്ടുണ്ട്.

23.3.2022 ന് സപ്ലൈ ചെയ്യപ്പെട്ട ബെയിലിംഗ് മെഷീൻ 9 മാസക്കാലം കഴിഞ്ഞ് ഇപ്പോഴും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 13.1.2023 ന് ഗ്രാമ പഞ്ചായത്തിലെ നിലവിലെ വി. ഇ. ഒ ആയ ശ്രീ. മഹേഷ് കെ. യോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ ഒരു റൂമിൽ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കാതെ വെച്ചിരിക്കുന്നതായി കണ്ടു. നിലവിൽ ബെയിലിംഗ് മെഷീൻ തുരുമ്പെടുത്ത് അതിനുള്ളിലെ ഗ്യാസും ഓയിലും ലീക്ക് ആയ അവസ്ഥയിലാണ്.

ഗ്രാമപഞ്ചായത്തിന് നിലവിൽ എം. സി. എഫ് ഇല്ല. ഈ സാഹര്യത്തിൽ വൻ തുക മുടക്കി തിടുക്കപ്പെട്ട് ബെയിലിംഗ് മെഷീൻ വാങ്ങിയത് എന്തിനാണ് എന്ന് വ്യക്തമല്ല. പ്രവർത്തനക്ഷമമായ എം. സി. എഫ് ഗ്രാമ പഞ്ചായത്തിൽ ഒരുക്കി ആയതിലേക്ക് ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ത്രീ ഫേസ് കണക്ഷനും എടുത്ത ശേഷമായിരുന്നു ബെയിലിംഗ് മെഷീൻ വാങ്ങേണ്ടത്.

2023 മാർച്ച് 22 ന് ബെയിലിംഗ് മെഷീന്റെ ഒരു വർഷത്തെ ഗ്യാരണ്ടി കാലാവധി. ഗ്യാരണ്ടി കാലയളവിനുള്ളിൽ ഗ്രാമപഞ്ചായത്തിൽ എം. സി. എഫ് ഒരുക്കി ആയതിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള തുടർ പ്രോജക്ടുകളൊന്നും നടപ്പാക്കിയിട്ടില്ല.

അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കാതെയും വേണ്ട മുന്നൊരുക്കങ്ങൾ നടത്താതെയുമാണ് 4,58,999/- രൂപ ചെലവഴിച്ച് ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്. മേൽപ്രകാരം വാങ്ങിയ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയാതെ നശിച്ചു പോവാനും ഗ്രാമ പഞ്ചായത്ത് ഇതിനായി മുടക്കിയ തുക പാഴ്ചെലവാകാനും സാധ്യതയുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ബെയ്ലിംഗ് മെഷീൻ പ്രയോജനപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

2) വെയിംഗ് മെഷീൻ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | വെയിംഗ് മെഷീൻ വാങ്ങൽ<br>(S 119/2021-22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ. ഒ |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് -<br>17,000 രൂപ |
| ചെലവ് | 16,000 രൂപ<br>ബിൽ നം. 308/28.2.2022 |

എ) നടപടിക്രമങ്ങൾ പാലിക്കാതെ വെയിംഗ് മെഷീൻ വാങ്ങി

എം.സി.എഫിൽ എത്തിക്കുന്ന മാലിന്യങ്ങളുടെ തൂക്കം എടുക്കുന്നതിനാണ് വെയിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്. ത്രിവേണി സ്കെയിൽസ്, വടകര എന്ന സ്ഥാപനത്തിൽ നിന്നുമാണ് വെയിംഗ് മെഷീൻ വാങ്ങിയത്. ടെണ്ടർ/ക്വട്ടേഷൻ നടപടികളൊന്നും സ്വീകരിക്കാതെ മേൽ സ്ഥാപനത്തിൽ നിന്നും വെയിംഗ് മെഷീൻ നേരിട്ട് വാങ്ങുകയായിരുന്നു. മൽസരക്ഷമത ഉറപ്പു വരുത്താതെയും വാങ്ങലിനുള്ള നിശ്ചിത നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് വാങ്ങൽ നടത്തിയിരിക്കുന്നത്.

ബി) വാങ്ങിയ വെയിംഗ് മെഷീൻ സ്ഥാപിച്ചില്ല.

എം.സി.എഫിൽ എത്തിക്കുന്ന മാലിന്യങ്ങളുടെ തൂക്കം എടുക്കുന്നതിനായാണ് മേൽ പ്രോജക്ട് പ്രകാരം വെയിംഗ് മെഷീൻ വാങ്ങിയത്. എന്നാൽ ഗ്രാമപഞ്ചായത്തിന് നിലവിൽ എം. സി. എഫ് ഇല്ല. ഈ സാഹര്യത്തിൽ തിടുക്കപ്പെട്ട് വെയിംഗ് മെഷീൻ വാങ്ങിയത് എന്തിനാണ് എന്ന് വ്യക്തമല്ല.

ഓഡിറ്റിന്റെ ഭാഗമായി 13.1.2023 ന് ഗ്രാമ പഞ്ചായത്തിലെ നിലവിലെ വി. ഇ. ഒ ആയ ശ്രീ.മഹേഷ് കെ. യോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ ഒരു റൂമിൽ വെയിംഗ് മെഷീൻ പ്രവർത്തിപ്പിക്കാതെ വെച്ചിരിക്കുന്നതായി കണ്ടു.

നടപടിക്രമങ്ങൾ പാലിക്കാതെ വെയിംഗ് മെഷീൻ വാങ്ങിയതിനും വാങ്ങിയ ശേഷം ആയത് ഉപയോഗപ്പെടുത്താതിരിക്കുന്നതിനും വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി 13.1.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

വാങ്ങിയ ബെയിലിംഗ് മെഷീൻ, വെയിംഗ് മെഷീൻ എന്നിവ അതാത് പ്രോജക്ടുകളിൽ വിഭാവനം ചെയ്ത രീതിയിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാകുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 4,74,999/- രൂപ തടസ്സപ്പെടുത്തുന്നു.

1-20 മിനി എം. സി. എഫ് നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | മിനി എം.സി.എഫ് നിർമ്മാണം (S0204/2021-22 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ. ഒ |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് - 6,00,000 രൂപ |
| ചെലവ് | 6,00,000 രൂപ<br>ബിൽ നം. 336/8.3.2022 |

വിവധ വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കുകയെന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. മേൽ പ്രവൃത്തിയുടെ നിർവഹണം അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നേരിട്ട് ഏൽപ്പിച്ചു കൊടുക്കുകയായിരുന്നു.

പദ്ധതി നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. ഗ്രാമ പഞ്ചായത്തിൽ ഒരു എഞ്ചിനീയറിംഗ് വിംഗ്

ഉണ്ടായിട്ടും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് നിർവഹണം എജൻസിയെ എൽപിച്ചത്. ആയതിനാൽ തന്നെ എത്ര എം.സി.എഫ് ആണ് സ്ഥാപിക്കുന്നതെന്നും ഓരോന്നിനും വരുന്ന ചെലവ് എത്രയെന്നും വ്യക്തമല്ല

2. പ്രവൃത്തിയുടെ നിർവഹണ ചുമതല ഏൽപ്പിച്ചു കൊടുത്ത അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ഗ്രാമപഞ്ചായത്ത് കരാർ വെച്ചില്ല.

3. സാങ്കേതിക പരിജ്ഞാനവും മേൽനോട്ടവും ആവശ്യമുള്ള മരാമത്ത് പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥനായി വി. ഇ. ഒ യെ നിശ്ചയിച്ചത് എപ്രകാരം എന്ന് വ്യക്തമല്ല.

4. പ്രവൃത്തിയുടെ നിർവഹണ ചുമതല ഏറ്റെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിനായി ഗ്രാമപഞ്ചായത്ത് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടുമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി 13.1.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച 6,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ഹരിത കർമ്മസേന അംഗങ്ങൾക്ക് യൂണിഫോം വാങ്ങി നൽകൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | ഹരിത കർമ്മസേനക്ക് യൂണിഫോം, മാസ്ക്, ഗ്ലൗസ് (S 208/2021-22 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ. ഒ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 80,000 രൂപ |
| ചെലവ് | 80,000/- രൂപ<br>ബിൽ നം. 238/22.1.2022 -<br>80,000/- രൂപ |

മേൽ പ്രകാരമുള്ള ചെലവ് തുക 80,000/- രൂപയും ഹരിത കർമ്മസേനയുടെ കേരള ഗ്രാമീൺ ബാങ്കിലുള്ള (KLGB0040136, നാദാപുരം റോഡ് ബ്രാഞ്ച്) 40136101069417 നമ്പർ അക്കൗണ്ടിലേക്കാണ് നൽകിയത്. ഹരിത കർമ്മസേനക്ക് യൂണിഫോം, മാസ്ക്, ഗ്ലൗസ് എന്നിവ നൽകുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് ഫയൽ അപൂർണ്ണമാണ്. ഫയലിൽ താഴെപ്പറയുന്ന വിവരങ്ങൾ/രേഖകൾ ലഭ്യമല്ല.

1) ഹരിത കർമ്മസേനക്ക് മേൽ പ്രോജക്ട് പ്രകാരം യൂണിഫോം, മാസ്ക്, ഗ്ലൗസ് എന്നിവ വാങ്ങാൻ വി. ഇ.

ഒ യെ ചുമതലപ്പെടുത്തിയതിക്കൊണ്ടുള്ള ഭരണസമിതി തീരുമാനത്തിന്റെ നമ്പറും തീയതിയും.

2) ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ ഫയൽ, വാങ്ങാനുള്ള സ്ഥാപനത്തെ തീരുമാനമാനിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം, പ്രോക്യൂർമെന്റ് കമ്മിറ്റി തീരുമാനം.

3) 80,000/- രൂപയുടെ ഇനങ്ങൾ വാങ്ങിയതിന്റെ ക്യാഷ് ബിൽ, ഹരിതകർമ്മസേന അംഗങ്ങൾക്ക് അവ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ

മേൽ വിവരങ്ങൾ / രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2021-22 തീയതി 13.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച 80,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 )ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം. 1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | ഹരിത കർമ്മസേനക്ക് യൂണിഫോം, മാസ്ക്, ഗ്ലൗസ് | വി. ഇ. ഒ | 80,000 | 80,000 |
| 2 | ബെയിലിംഗ് മെഷീൻ വാങ്ങൽ | വി. ഇ. ഒ | 5,30,000 | 4,58,999 |
| 3 | ഹരിത കർമ്മസേനയ്ക്ക് വി. ജി. എഫ് | വി. ഇ. ഒ | 2,00,000 | 2,00,000 |
| 4 | മിനി എം. സി. എഫ് നിർമ്മാണം | വി. ഇ. ഒ | 6,00,000 | 6,00,000 |
| 5 | അജൈവ മാലിന്യം കയറ്റി അയയ്ക്കൽ | വി. ഇ. ഒ | 4,80,000 | 4,80,000 |
| 6 | വെയിംഗ് മെഷീൻ വാങ്ങൽ | വി. ഇ. ഒ | 17,000 | 16,000 |
| 7 | എം. സി. എഫിന് സ്ഥലം വാങ്ങൽ | സെക്രട്ടറി | 20,19,000 | 16,79,960 |

മേൽ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയതിൽ വന്ന അപാകതകൾ ചുവടെ

ചേർക്കുന്നു.

1) അജൈവ മാലിന്യങ്ങൾ കൊണ്ടുപോയ സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാർ വെച്ചില്ല .

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി ഇക്കോ ഗാർഡ് എന്ന സ്ഥാപനത്തെ ഭരണസമിതി തെരഞ്ഞെടുക്കുകയും ഈ സ്ഥാപനവുമായി കരാർ വെക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. (11.10.2021 ലെ 6/184/2021 ാം നമ്പർ തീരുമാനം). എന്നാൽ ഈ സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല. കൂടാതെ എപ്രകാരമാണ് ഭരണസമിതി ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്നും വ്യക്തമല്ല.

2) അജൈവ മാലിന്യങ്ങൾ കൊണ്ടുപോയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | അജൈവ മാലിന്യങ്ങൾ കയറ്റി അയയ്ക്കൽ (S 183/2021-22 ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ. ഒ |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് - 4,80,000 രൂപ |
| ചെലവ് | 4,80,000 രൂപ<br>1) ബിൽ നം. 73/28.9.2021 - 2,06,440 രൂപ<br>2) ബിൽ നം. 193/22.12.2021 - 1,80,000 രൂപ<br>3) ബിൽ നം. 261/9.2.2022 – 25,000 രൂപ<br>4) ബിൽ നം. 321/4.3.2022 - 68,560 രൂപ |

മേൽ പ്രകാരമുള്ള ചെലവ് തുക 4,80,000/- രൂപയും ഹരിത കർമ്മസേനയുടെ കേരള ഗ്രാമീൺ ബാങ്കിലുള്ള (KLGB0040136, നാദാപുരം റോഡ് ബ്രാഞ്ച്) 40136101069417 നമ്പർ അക്കൗണ്ടിലേക്കാണ് നൽകിയത്. ഹരിത കർമ്മസേന അവർക്ക് ലഭിച്ച യൂസർ ഫീയിൽ നിന്നും അജൈവ മാലിന്യങ്ങൾ കൊണ്ടുപോയ ഇക്കോ ഗാർഡ് എന്ന സ്ഥാപനത്തിന് തുക നൽകി എന്നും ആയതിനാൽ ഈ തുക ഹരിത കർമ്മസേനക്ക് തിരികെ നൽകുന്നു എന്നുമാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഫയൽ അപൂർണ്ണമാണ്.

ഹരിത കർമ്മസേന, അജൈവ മാലിന്യങ്ങൾ കൊണ്ടുപോയ ഇക്കോ ഗാർഡ് എന്ന സ്ഥാപനത്തിന് എത്ര തുക നൽകിയെന്നും അജൈവ മാലിന്യങ്ങൾ കൊണ്ടുപോയ സ്ഥാപനത്തിന് തുക നൽകാൻ

ഹരിത കർമ്മസേനയെ ചുമതലപ്പെടുത്തിയത് ആരാണെന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും ഇക്കോ ഗാർഡ് എന്ന സ്ഥാപനം എത്ര അളവ് അജൈവ മാലിന്യങ്ങൾ കൊണ്ടുപോയി? ഏതൊക്കെ തീയതികളിലാണ് കൊണ്ടുപോയത് എന്നുമുള്ള വിവരം ഫയലിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ഇക്കോ ഗാർഡ് കൊണ്ടുപോയ അജൈവ മാലിന്യങ്ങളുടെ അളവ് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയതിന്റെ വിശദാംശങ്ങളും മാലിന്യങ്ങൾ തൂക്കമെടുത്തതിന്റെ വെയ്ബ്രിഡ്ജ് രശീതിയും ഫയലിൽ ലഭ്യമല്ല.

ആയതിനാൽ ഹരിത കർമ്മസേന, അജൈവ മാലിന്യങ്ങൾ കൊണ്ടുപോയ ഇക്കോ ഗാർഡ് എന്ന സ്ഥാപനത്തിന് തുക നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

മേൽ വിവരങ്ങൾ/രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 7/2021-22 തീയതി 13.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച 4,80,000 രൂപ തടസ്സപ്പെടുത്തുന്നു.

3) ഗ്രാമപഞ്ചായത്തിൽ നിന്നും കൊണ്ടുപോയ അജൈവ മാലിന്യങ്ങൾ സംസ്കരിച്ചത് സംബന്ധിച്ച വിവരം ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി ഭരണസമിതി തെരഞ്ഞെടുത്ത ഇക്കോ ഗാർഡ് എന്ന സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നിന്ന് വാഹനങ്ങളിൽ കയറ്റി കൊണ്ടു പോയ മാലിന്യങ്ങൾ സംസ്കരിച്ചത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഈ സ്ഥാപനം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. ഈ സ്ഥാപനത്തിന് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്ന് കയറ്റി അയച്ച അളവ് മാലിന്യങ്ങൾ ഈ സ്ഥാപനത്തിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

4) എം. സി. എഫിലേക്ക് വാങ്ങിയ ബെയിലിംഗ് മെഷീൻ , വെയിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചില്ല.

2021-22 വാർഷിക പദ്ധതിയിൽ വി. ഇ. ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്റ്റ് നം. 103/2021-22 പ്രകാരം ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനായി ഇ ടെണ്ടർ നടത്തിയതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത കോലാർ മിൽ സ്റ്റോർസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഓർഡർ നൽകുകയും ഈ സ്ഥാപനം 23.3.2022 ന് ബെയിലിംഗ് മെഷീൻ ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ എത്തിക്കുകയും ചെയ്തു.

എം.സി.എഫിൽ എത്തിക്കുന്ന മാലിന്യങ്ങൾ അമർത്തി കെട്ടായി പായ്ക്ക് ചെയ്യുന്നതിനാണ് ഗ്രാമ പഞ്ചായത്ത് ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്. എന്നാൽ 23.3.2022 ന് സപ്ലൈ ചെയ്യപ്പെട്ട ബെയിലിംഗ് മെഷീൻ 9 മാസക്കാലം കഴിഞ്ഞ് ഇപ്പോഴും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 13.1.2023 ന് ഗ്രാമ പഞ്ചായത്തിലെ നിലവിലെ വി. ഇ. ഒ ആയ ശ്രീ. മഹേഷ് കെ. യോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ ഒരു റൂമിൽ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കാതെ വെച്ചിരിക്കുന്നതായി കണ്ടു. നിലവിൽ ബെയിലിംഗ് മെഷീൻ തുരുമ്പെടുത്ത് അതിനുള്ളിലെ ഗ്യാസും ഓയിലും ലീക്ക് ആയ അവസ്ഥയിലാണ്.

അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കാതെയും വേണ്ട മുന്നൊരുക്കങ്ങൾ നടത്താതെയും 4,58,999 രൂപ ചെലവഴിച്ച് ബെയിലിംഗ് മെഷീൻ വാങ്ങുകയായിരുന്നു. മേൽപ്രകാരം വാങ്ങിയ ബെയിലിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയാതെ നശിച്ചു പോവാനും ഗ്രാമ പഞ്ചായത്ത് ഇതിനായി മുടക്കിയ തുക പാഴ്ച്ചെലവാകാനും സാധ്യതയുണ്ട്.

2021-22 വാർഷിക പദ്ധതിയിൽ വി. ഇ. ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 119/2021-22 പ്രകാരം 17,000 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി വെയിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. എം.സി.എഫിൽ എത്തിക്കുന്ന മാലിന്യങ്ങളുടെ തൂക്കം എടുക്കുന്നതിനായാണ് ഈ പ്രോജക്ട് പ്രകാരം വെയിംഗ് മെഷീൻ വാങ്ങിയത്. എന്നാൽ ഗ്രാമ പഞ്ചായത്തിന് നിലവിൽ എം. സി. എഫ് ഇല്ല. ഈ സാഹചര്യത്തിൽ തിടുക്കപ്പെട്ട് വെയിംഗ് മെഷീൻ വാങ്ങിയത് എന്തിനാണ് എന്ന് വ്യക്തമല്ല. ഓഡിറ്റിന്റെ ഭാഗമായി 13.1.2023 ന് ഗ്രാമ പഞ്ചായത്തിലെ നിലവിലെ വി. ഇ. ഒ ആയ ശ്രീ. മഹേഷ് കെ. യോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ ഒരു റൂമിൽ വെയിംഗ് മെഷീൻ പ്രവർത്തിപ്പിക്കാതെ വെച്ചിരിക്കുന്നതായി കണ്ടു.

5) ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. ഹരിതകർമസേന അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട

അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്.

ഗ്രാമ പഞ്ചായത്തിൽ 2018 വർഷം 34 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. നിലവിൽ 32 പേരാണ് ഹരിത കർമ്മസേനയിൽ പ്രവർത്തിക്കുന്നത്. 2021-22 വർഷം മുതലാണ് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കൽ ഹരിത കർമ്മസേന ആരംഭിച്ചത്. പ്രാരംഭ ഘട്ടമായതിനാൽ 2021-22 വർഷം ഹരിത കർമ്മസേനക്ക് വളരെ കുറഞ്ഞ കളക്ഷൻ മാത്രമാണ് ലഭിച്ചത്. ആയതിനെ തുടർന്ന് വരുമാനം തീരെ കുറഞ്ഞ് പ്രവർത്തനം മുമ്പോട്ട് കൊണ്ടു പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ വി. ഇ. ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം 2,00,000 രൂപ ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണ തോതിൽ ഫലപ്രദമായി നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് ചെലവുകൾ നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ.

ഹരിതകർമ്മ സേനയ്ക്ക് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് അനിവാര്യമായ വാഹന സൗകര്യം ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ഹരിതകർമ്മ സേനയ്ക്ക് അടിയന്തിരമായി വാഹന സൗകര്യം ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്.

2021-22 കാലയളവിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമ മല്ലാത്തത്, മാലിന്യം നീക്കം ചെയ്യുന്നതിലെ കാലതാമസം, എം.സി.എഫ് പ്രവർത്തനക്ഷമമാകാത്തത്, മറ്റ് അപാകതകൾ എന്നിവക്ക് രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 7/2021-22 തീയതി 13.1.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം

കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

1-23 അസി. സെക്രട്ടറി - പദ്ധതി നിർവഹണം - രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിപ്പിലെ അപാകതകൾ

I) എസ്. സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ

നിർവഹണം : അസി. സെക്രട്ടറി

പ്രോജക്ട് നമ്പർ : 9/21-22

ഫണ്ട് : വികസന ഫണ്ട് (ജനറൽ)

അടങ്കൽ : 48,994 /-

ചെലവ് : 48,994 /-

ബിൽ നമ്പർ : 142/21-22, തീ-11/11/2021

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനായി 48,994 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവോയ്സ് നമ്പർ NRO/SALES/202 തീ -10.11.2022 പ്രകാരം കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും 10 സ്റ്റീൽ നിർമ്മിത മേശകളും കസേരകളും വാങ്ങി വിദ്യാർത്ഥികൾക്ക് 10.11.22 ന് വിതരണം ചെയ്തിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചപ്പോൾ താഴെപറയുന്ന 5 വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ്

പഠനോപകരണങ്ങൾ നൽകിയത് എന്ന് കണ്ടു.

1. മിലാനോ. എ. കെ, D/O റൻജിഷ്. എ. കെ, മുണ്ടകണ്ടിയിൽ, കണ്ണൂക്കര

2. ആദിദേവ്. എം. ടി, S/O ശിബി. എം. ടി, മുക്കാട്ട്താഴ, ഓർക്കാട്ടേരി

3. ആഷ്ക മനോഹരൻ, D/O മനോഹരൻ. എ. കെ, കളേഴ്സ്, കണ്ണൂക്കര

4. പി. പി. അനയ് കൃഷ്ണ, S/O ഷൈജു. പി. പി, വൈഷ്ണവി, വെള്ളിക്കുളങ്ങര

5. ആഷ്മി മനോഹരൻ, D/O മനോഹരൻ. എ. കെ, കളേഴ്സ്, കണ്ണൂക്കര

മറ്റ വിദ്യാർത്ഥികൾക്ക് തോടന്നൂർ/വടകര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

II) നിർവ്വഹണ ഉദ്യോഗസ്ഥൻ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

സ.ഉ(പി)177/2006 ഫിൻ തീ-12.04.2006, സ.ഉ(പി)11 9/2015 ഫിൻ തീ-21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. ത.സ്വ.ഭ.വ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡി രജിസ്റ്ററും സൂക്ഷിക്കണം. ആയവ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-13/21-22, തീ-17.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-24 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ - ലാപ്ടോപ്പുകൾ നാളിതുവരെയായി ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ |
| പ്രോജക്ട് നം. | 25/22 |
| അടങ്കൽ | 422475/- (വികസനഫണ്ട് പൊ. വി) |

| | |
|---|---|
| ചെലവ് | 422475/- |
| ബിൽനം/തി | 117/27.10.2021 |
| നിർവ്വഹണം | ഫിഷറീസ് സബ് ഇൻസ്പെക്ടർ |

മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം 15 ലാപ്ടോപ്പുകൾ വാങ്ങുന്നതിന്, കെൽട്രോൺ സമർപ്പിച്ച 11.10.2021 ലെ TVM/ITBG /P1/RC/30709/20-21 നമ്പറിലുള്ള പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പ് ഒന്നിന് 28165/- രൂപ നിരക്കിൽ മേൽ ബിൽ പ്രകാരം അഡ്വാൻസായി തുക നൽകിയിട്ടുണ്ട്. ലാപ്പ്ടോപ്പിലുള്ള വില വ്യത്യാസം കാരണം ഈ തുകയ്ക്ക് 11 ലാപ്ടോപ്പുകൾ മാത്രമേ ലഭ്യമാകൂ എന്ന സാഹചര്യത്തിൽ, ഇവ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും, ബാക്കി 4 പേർക്ക് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാനും, യഥാസമയം ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യാത്തതുകൊണ്ട് പഞ്ചായത്തിനുണ്ടായ നഷ്ടത്തുക നിയമാനുസൃത പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ ഫിഷറീസ് ഓഫീസർക്ക് നിർദ്ദേശം നൽകാനും പഞ്ചായത്ത് ഭരണസമിതിയുടെ 26.08.2022 ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം. 164/2022). എന്നാൽ ഈ തീരുമാനപ്രകാരമുള്ള യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

കെൽട്രോണിന് നൽകിയ ഓർഡർ പ്രകാരമുള്ള ലാപ്ടോപ്പുകൾ നിലവിലും ലഭിച്ചിട്ടില്ല. ലാപ്ടോപ്പുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, മുഴുവൻ തുകയും മുൻകൂറായി നൽകിയിട്ടും ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യാത്ത കെൽട്രോണിനെതിരെ നിയമ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. ലാപ്ടോപ്പുകൾ ലഭിക്കുന്നത് വരെ ചെലവ് തുക 4,22,475/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-25 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് : പെയിൻ ആന്റ് പാലിയേറ്റിവ് കെയർ

പ്രോജക്ട് നമ്പർ : 26/2021-22

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ 7,56,512/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ | തീയതി | തുക | ഫണ്ട് |
|---|---|---|---|---|
| 1 | 2/21-22 | 06.05.2021 | 33,598 | വികസനഫണ്ട് (ജനറൽ) |
| 2 | 13/21-22 | 04.06.2021 | 42,130 | |
| 3 | 29/21-22 | 02.07.2021 | 40,566 | |
| 4 | 41/21-22 | 04.08.2021 | 35,805 | |
| 5 | 67/21-22 | 23.09.2021 | 29,130 | |
| 6 | 87/21-22 | 07.10.2021 | 38,936 | |
| 7 | 133/21-22 | 01.11.2021 | 35,660 | |
| 8 | 182/21-22 | 21.12.2021 | 40,675 | |
| 9 | 218/21-22 | 05.01.2022 | 46,994 | |
| 10 | 249/21-22 | 03.02.2022 | 33,568 | |
| 11 | 316/21-22 | 04.03.2022 | 3,18,116 | |
| 12 | 384/21-22 | 22.03.2022 | 22,796 | |
| 13 | 401/21-22 | 25.03.2022 | 38,538 | |
| ആകെ | | | 7,56,512 | |

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി)

അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പരിശോധനയ്ക്ക് ഹാജരാക്കിയ മിനിട്സ് ബുക്ക് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2021-22 വർഷത്തിൽ 17.08.2021, 22.11.2021 തീയതികളിൽ മാത്രമാണ് യോഗം ചേർന്നത്. ഇതിൽ പ്രവർത്തനാവലോകനം നടത്തുകയുണ്ടായെങ്കിലും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം നൽകേണ്ടതാണ്. തുടർവർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശപ്രകാരം പാലിയേറ്റീവ് മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പ്രോജക്ട് നിർവഹണം നടത്തി അറിയിക്കേണ്ടതാണ്.

1-26 കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും എൽ. സി. ഡി പ്രൊജക്ടറും വാങ്ങൽ - കമ്പ്യൂട്ടർ നാളിതു വരെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0091/21-22 |
| പ്രോജക്ട് | കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും എൽ. സി. ഡി പ്രൊജക്ടറും സ്ക്രീനും CPRCS, GEM എന്നിവ വഴി വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| വകയിരുത്തിയ തുക | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് - 80,000 രൂപ |
| ചെലവഴിച്ച തുക | 79,208 രൂപ<br>1) ബിൽ നമ്പർ 831/2021-22 തീയതി 16.3.2022 – 44,632 രൂപ<br>2) ബിൽ നമ്പർ 875/2021-22 തീയതി 16.3.2022 – 34,576 രൂപ |

സർക്കാരിന്റെ CPRCS ഓൺലൈൻ റേറ്റ് കോൺട്രാക്ട് പോർട്ടൽ, ജെം എന്നിവ വഴി കൃഷിഭവനിലേക്ക് കമ്പ്യൂട്ടറും എൽ. സി. ഡി പ്രൊജക്ടറും സ്ക്രീനും വാങ്ങുന്നതിനായി തയ്യാറാക്കിയ

പ്രോജക്ടാണ് ഇത്. ആയതിനായി 16.3.2022 ന് കേരള സ്റ്റേറ്റ് ഐ. ടി. മിഷന് മേൽപ്രകാരം തുക കൈമാറിയെങ്കിലും കമ്പ്യൂട്ടർ നാളിതുവരെ ലഭിച്ചില്ല ( എൽ. സി. ഡി പ്രൊജക്ടറും സ്ക്രീനും ലഭിച്ചു). ഈ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി നിർവഹണോദ്യോഗസ്ഥൻ തുടർ നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. 16.3.2022 ന് ബിൽ നമ്പർ 831/2021-22 പ്രകാരം കേരള സ്റ്റേറ്റ് ഐ. ടി മിഷന് തുക കൈമാറി 9 മാസങ്ങൾ കഴിഞ്ഞു. ഈ സാഹചര്യത്തിൽ അടിയന്തിരമായി കമ്പ്യൂട്ടർ ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22 തീയതി 10.1.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അടിയന്തിരമായി കമ്പ്യൂട്ടർ ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും കമ്പ്യൂട്ടർ ലഭ്യമായ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ ബിൽ നമ്പർ 831/2021-22 തീയതി 16.3.2022 പ്രകാരം ചെലവഴിച്ച 44,632/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് നമ്പർ - 26/21-22

നിർവഹണം - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര് - പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

ഫണ്ട് - വികസന ഫണ്ട് (ജനറൽ)

ആകെ പദ്ധതി അടങ്കൽ - 7,60,000/-

ആകെ പദ്ധതി ചെലവ് - 7,56,512/-

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയിൽ (ബിൽ നമ്പർ - 316/21-22, തീ-04.03.2022) പ്രകാരം 2,78,971/- രൂപ മുൻകൂറായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് മരുന്നുകൾ വാങ്ങാനായി 03.03.2022 ന് നല്കിയിട്ടുണ്ട്.

| പ്രോഫോമ ഇൻവോയ്സ് നമ്പർ | തുക | തീയതി |
|---|---|---|
| PRF 4476 | 1,62,166 | 29.12.2021 |
| PRF 5598 | 53,393 | 10.02.2022 |
| PRF 5777 | 27,834 | 16.02.2022 |
| PRF 5778 | 35,578 | 16.02.2022 |

| | | |
|---|---|---|
| ആകെ | 2,78,971 | |

എന്നാൽ 38,704/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകാനുണ്ട്.

ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും ലഭ്യമാകാത്ത മരുന്നുകൾക്കുള്ള ചെലവ് തുക 38,704/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-28 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല

സ.ഉ (കൈ) നം.11/2018/തസ്വഭവ. തി. 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-3 ൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി തയ്യാറാക്കേണ്ടതും, അതിനനുസൃതമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇങ്ങനെ ഒരു പദ്ധതി തയ്യാറാക്കിയിട്ടില്ല. സ്ത്രീകളുടെ സുരക്ഷ, സാമ്പത്തിക സ്വാശ്രയത്വം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ താഴെ പറയുന്ന പദ്ധതികൾ വനിതകൾക്കായി നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | മുട്ടക്കോഴി വിതരണം | 6,36,000 |
| 2 | ആട്ട വിതരണം | 2,40,000 |
| 3 | പോത്തുകുട്ടി ഗ്രാമം | 1,28,000 |
| 4 | പച്ചക്കറി കൃഷി | 4,29,600 |

മേൽ സൂചിപ്പിച്ച പദ്ധതികൾ ജനറൽ പദ്ധതികളായി നടപ്പാക്കാവുന്നവയാണ്. മാർഗ്ഗരേഖ ഖ 6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-24/21-22/17.1.23) മറുപടി നൽകിയിട്ടില്ല. വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കി അറിയിക്കേണ്ടതാണ്.

1-29 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000/- രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 4.8.2021 ലെ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഒഞ്ചിയം ഗ്രാമപഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ 2020-21 വർഷത്തെ വാർഷിക വരിസംഖ്യ ഇനത്തിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 2,000 രൂപ അടവാക്കിയിട്ടുണ്ട്.

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 2,000 | 2020-21 വർഷത്തെ വരിസംഖ്യ | 22100443, 14.9.2021 | 202022228, 13.9.2021 |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയരക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമപഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ നിന്നും നിലവിൽ ജനപ്രതിനിധികളാരും തന്നെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയരക്ടർ ബോർഡിലേക്കോ മൽസരിക്കുന്നില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000/- രൂപ നൽകുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണ സമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-30 എം. ജി. എൻ. ആർ. ഇ. ജി. എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം.ജി.എൻ.ആർ.ഇ.ജി. എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

പദ്ധതിയിൽ മുൻകാലങ്ങളിൽ ചെലവ് കുറഞ്ഞതു കാരണം അസിസ്റ്റൻറ് എഞ്ചിനിയറെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു ഓവർസിയറും, ഡാറ്റാ എൻട്രി ഓപ്പറേറ്ററും മാത്രമായിരുന്നു ഈ കാലയളവിൽ പദ്ധതിയിൽ പ്രവർത്തിച്ചിരുന്നത്. അതുകൊണ്ടു തന്നെ നാമമാത്രമായ പദ്ധതികൾ മാത്രമാണ് ഈ കാലയളവിൽ നിർവ്വഹണം നടത്തിയിട്ടുള്ളു. അസിസ്റ്റന്റ് എഞ്ചിനിയറെ നിയമിച്ചത് 2021 ജൂലൈ മാസത്തിലാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതിയിലെ ചെലവു വിവരം താഴെ ചേർക്കുന്നു.

| വർഷം | ചെലവ് |
|---|---|
| 2019 - 20 | 81,28,000 |
| 2020 – 21 | 1,34,87,000 |
| 2021 – 22 | 3,17,34,000 |

എഞ്ചിനിയറെ നിയമിച്ചതിന് ശേഷം ചെലവിൽ ക്രമാനുഗതമായ വർധനവ് ഉണ്ടായതായി കാണാം. എന്നാൽ മുൻ വർഷങ്ങളിൽ ഭരണ സമിതി ആവശ്യമായ ഇടപെടലുകൾ നടത്തിയിരുന്നെങ്കിൽ ചെലവ് വർധിപ്പിക്കാൻ കഴിയുമായിരുന്നു. എന്നാൽ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടന്നിട്ടില്ല.

2021-22 ൽ ആക്ഷൻ പ്ലാൻ പ്രകാരം 421 പ്രവർത്തികളാണ് നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ 141 എണ്ണം മാത്രമേ നടപ്പാക്കാൻ സാധിച്ചിട്ടുള്ളൂ. 5.9 കോടിയുടെ ആക്ഷൻ പ്ലാനിൽ 3.17 കോടി മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. കഴിഞ്ഞ മൂന്ന വർഷങ്ങളിൽ നടപ്പാക്കിയ റോഡ് കോൺക്രീറ്റ് പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം |
|---|---|
| 2019 - 20 | ഇല്ല |
| 2020 – 21 | 8 |
| 2021 – 22 | 9 |

ഈ കാലയളവിൽ നാമമാത്രമായ റോഡു കോൺക്രീറ്റ് പ്രവൃത്തികൾ മാത്രമേ മെറ്റീരിയൽ ഇനത്തിൽ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. ഈ കാലയളവിൽ സമീപത്തുള്ള മറ്റു ഗ്രാമപഞ്ചായത്തുകളിൽ വൻ തോതിൽ റോഡു കോൺക്രീറ്റ് പ്രവർത്തികൾ നടന്നപ്പോൾ ഇവിടെ ഇതിനുള്ള ശ്രമങ്ങൾ നടന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വൻ നേട്ടമുണ്ടാക്കാനുള്ള അവസരം ഇപ്രകാരം നഷ്ടപ്പെടുത്തി. ഓഡിറ്റു വർഷം റോഡു പ്രവർത്തിക്കുള്ള മെറ്റീരിയൽ സപ്ലൈ ചെയ്തത് കടത്താനാട് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയാണ്. ടെണ്ടറിൽ ഈ സൊസൈറ്റി മാത്രമേ പങ്കെടുത്തിട്ടുള്ളൂ. റീടെണ്ടർ നടത്തിയതായി കാണുന്നില്ല. മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ,

അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറു മാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓഡിറ്റ് വർഷം പ്രവൃത്തികൾ ഇ ടെണ്ടർ ചെയ്തിട്ടില്ല.

വ്യക്തിഗത മെറ്റീരിയൽ പ്രവർത്തികളുടെ കാര്യത്തിലും നേട്ടം നാമമാത്രമാണ്. 2019-20 മുതൽ 2021-22 വരെയുള്ള മൂന്നു വർഷങ്ങളിൽ ആകെ 76 പ്രവർത്തികൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. ജനസംഖ്യയിൽ 25 ശതമാനത്തിൽ കൂടുതൽ കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നതും, വളരെ പിന്നോക്കാവസ്ഥയിലുള്ള തീരദേശ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതുമായ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് തൊഴിൽ നൽകാനും അതുവഴി ദാരിദ്ര്യ ലഘൂകരണത്തിന് ഒരു പരിധിവരെ സഹായകമാകുമായിരുന്ന പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/21-22/17.1.23) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ബഹുമുഖ സാധ്യതകൾ പ്രയോജനപ്പെടുത്തുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-31 റെയിൽവേ ലവൽ ക്രോസിംഗ് - മെയിന്റനൻസ് ചാർജ്ജ് സർക്കാർ ഗ്രാന്റ് കുടിശ്ശിക

ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ കണ്ണൂക്കരയിലെ ലെവൽ ക്രോസ് മെയിന്റനൻസ് ചാർജ്ജിനത്തിൽ 2018-19 വർഷത്തെ തുകയായ 2596106/- രൂപ സതേൺ റയിൽവേ പാലക്കാട് സീനിയർ ഡിവിഷണൽ ഫിനാൻസ് മാനേജർക്ക് അടവാക്കുന്നതിന് 28.09.2019 ലെ 7/153/2019 (28.09.2019) ലെ ഭരണസമിതി യോഗം തീരുമാനിച്ചു. ലെവൽ ക്രോസ് മെയിന്റനൻസിന് റെയിൽവേയ്ക്ക് അടവാക്കുന്ന തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാർ കരാറുടമ്പടി പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിക്കേണ്ടതുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ വിഹിതം കൃത്യമായി ലഭിക്കുന്നില്ല എന്ന് യോഗം വിലയിരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നിരവധി തവണ പഞ്ചായത്ത് ഡയറക്ടർക്കും ഗവൺമെന്റിനും

കത്ത് നൽകിയിരുന്നുവെങ്കിലും ഭീമമായ തുക കുടിശ്ശികയായിട്ടുണ്ടെന്നും, ആയത് ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ നിവേദക സംഘത്തെ അയയ്ക്കുന്നതിനും മേൽ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിരുന്നു.

2020 – 21 സാമ്പത്തിക വർഷത്തിൽ റെയിൽവേ ലവൽ ക്രോസിംഗ് (LCNo- 216Aat Km 718/600-700 SE/PW/QLD)- മെയിന്റനൻസ് ചാർജ്ജിനത്തിൽ 25,96,106/- രൂപ സതേൺ റയിൽവേ പാലക്കാട് സിനീയർ ഡിവിഷണൽ ഫിനാൻസ് മാനേജർക്ക് കൈമാറിയിട്ടുണ്ട്. (വൗച്ചർ നമ്പർ -22001101/31/03/21). 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും റെയിൽവേ ലവൽ ക്രോസിംഗ് – മെയിന്റനൻസ് ചാർജ്ജ് സർക്കാർ ഗ്രാന്റ് കുടിശ്ശിക സംബന്ധിച്ച് പരാമർശിച്ചിരുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

സതേൺ റയിൽവേ പാലക്കാട് സിനീയർ ഡിവിഷണൽ ഫിനാൻസ് മാനേജറുടെ 08.12.2021 ലെ W98/PGT/X2/LC216A നമ്പർ കത്ത് പ്രകാരം 2020-21 വർഷത്തെ ലെവൽ ക്രോസ് മെയിന്റനൻസ് ചാർജ്ജിനത്തിൽ 27,63,094/- രൂപയും 08.06.2022 ലെ W98/PGT/X2/LC216A നമ്പർ കത്ത് പ്രകാരം 2021-22 വർഷത്തിൽ 34,07,416/- രൂപയും അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കൈമാറിയതിന്റെ വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ കത്ത് (എ. 4-3036/21 തീയതി 19/04/2021) പ്രകാരം 2020-21 സാമ്പത്തിക 10144639/- രൂപ ഗ്രാന്റിനത്തിൽ അഡ്ജസ്റ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിൽ വരവ് വന്നത് വാർഷിക കണക്ക് പ്രകാരവും, ബാങ്ക് അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് പ്രകാരവും വ്യക്തമല്ല. കൂടാതെ മേൽ കത്തിൽ 1,18,944/- രൂപ ഗ്രാമപഞ്ചായത്തിന് സംസ്ഥാന സർക്കാർ നൽകാനുള്ളതായി പരാമർശിച്ചിട്ടുണ്ട്. (കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത പെർഫോർമ പ്രകാരം) 1,01,44,639/- രൂപയും 1,18,944/- രൂപയും ഗ്രാമപഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, തുടർവർഷങ്ങളിൽ മെയിന്റനൻസ് ചാർജ്ജിനത്തിൽ തുക കൈമാറുമ്പോൾ മുൻവർഷങ്ങളിൽ ലഭിക്കാനുള്ള അർഹമായ ഗ്രാന്റ് തുക ലഭിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 11.01.2023, 12.01.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 6,27,900 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 6,27,900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,69,187 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 2,69,187 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 12,67,800 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 12,67,800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 8,70,000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 8,70,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 5,50,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 5,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,60,000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 1,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,80,000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 2,80,000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക | 30,00,000 |
| ആകെ | 30,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ഊരാളുങ്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 31.03.2022 | 13 മാസം | 20,00,000 |
| 2 | ഒഞ്ചിയം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 31.03.2022 | 13 മാസം | 10,00,000 |
| ആകെ | | | | 30,00,000 |

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2001-2002 | 11.9 | കാർഷികോപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും ക്രമക്കേടും ധനനഷ്ടവും | സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ലാത്തതിനാൽ നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ ശുപാർശ |
| 2001-02 | 1-3 | 2004-05 | 11.1.2.3 | ബജറ്റ് പാസ്സാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.3.46 | നികുതി പിരിവിൽ അലംഭാവം കുടിശ്ശിക പെരുകുന്നു | ലഭ്യമല്ല |
| 2001-02 | 1-1 | 2004-05 | 11.1.2.4 | ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. | ലഭ്യമല്ല |
| 2001-01 | 4 | 2003-04 | 11.13.1.27 | കട നിർമ്മാണ പരിശീലനം | പരാമർശം ഒഴിവാക്കി. കെ.എസ്.എ. കെ.കെ.ഡി. |

| | | | | | |
|---|---|---|---|---|---|
| | | | | | എസ്.1/559(17) 22/12.4.22 |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,04,46,221 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,97,99,188 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,58,326 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-17 | 1,77,719 | ശ്രീമതി. ഷീന. സി. എം,<br>അസി. എഞ്ചിനിയർ |
| 1-18 | 39,797 | ശ്രീമതി. ഷീന. സി. എം,<br>അസി. എഞ്ചിനിയർ |
| 1-19 | 4,74,999 | ശ്രീമതി. ദീപ. ഇ, വി.ഇ.ഒ |
| 1-20 | 6,00,000 | ശ്രീമതി. ദീപ. ഇ, വി.ഇ.ഒ |
| 1-21 | 80,000 | ശ്രീമതി. ദീപ.ഇ, വി.ഇ.ഒ |
| 1-22 | 4,80,000 | ശ്രീമതി. ദീപ. ഇ, വി.ഇ.ഒ |
| 1-24 | 4,22,475 | ശ്രീ.അനിൽകുമാർ.കെ.എം,<br>സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-26 | 44,632 | ശ്രീമതി. സന്ധ്യ. പി. ടി,<br>കൃഷി ഓഫീസർ |
| 1-27 | 38,704 | ഡോ.ജിനീഷ്.എ.പി,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 23,58,326 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം<br>മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.ഷീന.സി. എം, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്, | ചാത്തോത്ത് മീത്തൽ, പാലയാട് നട, കോഴിക്കോട് |
| ശ്രീമതി.ദീപ.ഇ, വി.ഇ.ഒ | വി.ഇ.ഒ, മണിയൂർ ഗ്രാമപഞ്ചായത്ത് | വൈഷ്ണവം, പുതുപ്പണം, കോഴിക്കോട് |
| ഡോ.ജിനീഷ്.എ.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | ഉപസ്സ്, കുറവങ്ങാട് കൊയിലാണ്ടി കോഴിക്കോട് – 673 620 |
| ശ്രീമതി.സന്ധ്യ.പി.ടി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പെരുവയൽ ഗ്രാമപഞ്ചായത്ത് | പറമ്പിൽതൊടിയിൽ, പന്തീരാങ്കാവ് (പി.ഒ), കോഴിക്കോട് |
| ശ്രീ.അനിൽകുമാർ.കെ.എം, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | കയ്യുള്ളതിൽ, നട്ട് സ്ട്രീറ്റ്, വടകര, കോഴിക്കോട |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി5/ 1186/12 തീ.28/07/2012 | 22 | 2-1, 2-2, 2-3, 2-4, 2-5, 3-1,3-2, 3-3, 3-4, 3-5(a), 3-5(b), 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി11/ 951/14 തീ.10/10/14 | 7 | 2(2), 3(1), 3(8), 3(6)1, 2,3,3(7) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി5/ 137/14 തീയതി-6-3-14 | 14 | 2(4)(5), 3(1), 3(2), 3(6), 3(7), 3(8), 3(9), 3(10, 3(11), 3(12), 3(13), 3(14), 3(20) |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി5/ 1718/13 തീയതി-2-1-14 | 19 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1422/15 തീയതി 23.11.15 | 10 | 2-1, 3-1, 3-3, 3-4, 3-9, 3-10, 3-11, 3-12, 3-14, 3-16 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/ 1031/16 തീയതി 06.05.17 | 6 | 2-1, 3-1, 3-3, 3-4, 3-5,3-8 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി1/ 594/2021 തീയതി-15.04.21 | 23 | 2-1(1)(4)(9), 2-1, 2-3,2-4, 2-5(5), |

| | | | |
|---|---|---|---|
| | | | 2-5(6,7), 2-6, 2-7,3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-15,3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി6/ 1729/2019 തീ. 07.07.2020 | 22 | 1-10(7), 1-12(3), 1-12(4), 1-12(5), 1-12(7), 1-12(8), 2-1, 3-1, 3-3, 3-4, 3-6, 3-7, 3-8-1, 3-8-3, 3-8-4, 3-8-5, 3-10, 3-11-1, 3-11-2, 3-13, 3-14, 4-1 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി6/ 511/2020 തീ-22.09.2020 | 19 | 1-8, 1-9, 1-10, 1-11, 1-12(1), 1-13, 1-14, 1-15(i), 1-15(ii), 1-15(iii), 1-15(iv), 1-15(v), 1-15(vi), 1-16, 1-18, 1-19, 1-20, 3-1, 3-2 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി6/360/2022 തീ. 17.3.2022 | 10 | 1-2-1(5), 1-2-1(14),(15), 1-11(1),1-11(2), 1-11(3), 1-12(2), 1-12(3), 1-16, 1-18 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി.6/999/2022 തീ – 16.06.2022 | 33 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, |

| | | | |
|---|---|---|---|
| | | | 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 3-1, 3-2 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്